**ജീവിതത്തിന്റെ സമസ്തമേഖലകളിലും വ്യാപിക്കുന്ന വിവരസാങ്കേതിക വിദ്യ നമ്മുടെ മാതൃഭാഷയായ മലയാളത്തിന്റെ ഉപയോഗത്തെ തടസ്സപ്പെടുത്തുന്ന തരത്തിൽ മാറിക്കൊണ്ടിരിക്കുന്നതിന്റെ അപകടം മലയാളികൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. കമ്പ്യൂട്ടർ = ഇംഗ്ലീഷ് എന്ന സമവാക്യത്തിൽ വിശ്വസിച്ച് മലയാളത്തെ തഴയുന്ന സർക്കാർ തിരിച്ചറിയേണ്ട ചില വസ്തുതകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു**

**അശോകൻ ഞാറയ്ക്കൽ**

# മംഗ്ലീഷ് അല്ല മലയാളമാണ് വേണ്ടത്

**ലോകത്തെല്ലായിടത്തും** പോലെ കേരളത്തിലും ഐ.ടി അഥവാ വിവരസാങ്കേതിക വിദ്യ ജീവിതത്തിന്റെ സമസ്തമേഖലകളിലും വ്യാപിക്കുകയാണ്. വരാൻ പോകുന്നത് വിജ്ഞാനയുഗമാണ് എന്ന ധാരണ നമ്മുടെ എല്ലാ തീരുമാനങ്ങളെയും അറിഞ്ഞോ അറിയാതെയോ സ്വാധീനിച്ചു തുടങ്ങിയിരിക്കുന്നു.

തീർച്ചയായും ഈ മാറ്റങ്ങളോട് പുറംതിരിഞ്ഞുനിൽക്കാൻ നമുക്കാവില്ല എങ്കിലും വിവരസാങ്കേതികവിദ്യയുടെ വ്യാപനം അറിഞ്ഞോ അറിയാതെയോ നമ്മുടെ മാതൃഭാഷയായ മലയാളത്തിന്റെ ഉപയോഗത്തെ തടസ്സപ്പെടുത്തുന്ന രീതിയിൽ മാറിക്കൊണ്ടിരിക്കുന്നു. കേരള സർക്കാരിന്റെ പ്രധാന വെബ്സൈറ്റിൽ മലയാളം കുറവാണ് എന്ന വിമർശനം അടുത്തകാലത്താണ് ജനശ്രദ്ധ ആകർഷിച്ചത്. മലയാളം ഉള്ള നിരവധി വെബ്സൈറ്റുകളിൽ പോലും ഏകീകൃത ലിപികൾ (ഫോണ്ടുകൾ) ഉപയോഗപ്പെടുത്താത്തതുകാരണം വിദേശമലയാളികൾ ഉൾപ്പെടെ പലർക്കും അവ അപ്രാപ്യമായി തുടരുന്നു. കേരളവുമായി ബന്ധപ്പെട്ട എല്ലാ ഐ.ടി സംവിധാനങ്ങളിലും യൂണികോഡ് സമ്പ്രദായത്തിലാക്കാനുള്ള സർക്കാർ നിർദ്ദേശം കർശനമായി നടപ്പാക്കിക്കൊണ്ട് ഇത്തരം പരാതികൾ പരിഹരിക്കണം. കമ്പ്യൂട്ടർ = ഇംഗ്ലീഷ് എന്ന ലളിതസമവാക്യം ഉയർത്തിപ്പിടിച്ച് കമ്പ്യൂട്ടർ യുഗത്തിൽ മലയാളത്തിനുവേണ്ടി വാദിക്കുന്നത് ചരിത്രത്തിന്റെ ചക്രം പുറകോട്ടുതിരിക്കാൻ ശ്രമിക്കലാണ് എന്നു പറയുന്നവരുടെ വാദം തള്ളിക്കളയേണ്ടതാണ്.

ബഹുഭൂരിപക്ഷം പേരുടെ കയ്യിലും മൊബൈൽഫോൺ എത്തിക്കഴിഞ്ഞിരിക്കുന്നു എന്ന യാഥാർത്ഥ്യത്തെ ഭരണസുതാര്യതക്കായി ഉപയോഗപ്പെടുത്താനുള്ള കേരള സർക്കാരിന്റെ എം-ഗവേൺസ് അഥവ മൊബൈൽ ഭരണപദ്ധതിയെ സ്വാഗതം ചെയ്യുമ്പോഴും, ഇത്തരം പദ്ധതികളിൽ അയക്കുന്ന എസ്. എം. എസുകൾ മലയാളത്തിലല്ല മറിച്ച് ഇംഗ്ലീഷിലാണ് എന്നത് ഒരു കുറവായി നിൽക്കുന്നു. ഇംഗ്ലീഷ് ലിപി അറിയാത്ത സാധാരണ സാക്ഷരർക്ക് മൊബൈൽ ഭരണസംവിധാനം ഉപയോഗിക്കുന്നതിന് ഈ കുറവ് തടസ്സമാകുന്നു. പുതിയ തലമുറയെ ഇംഗ്ലീഷ് (റോമൻ) ലിപി ഉപയോഗിച്ച് മലയാളം എസ്. എം. എസുകൾ (മംഗ്ലീഷ്) അയക്കാൻ ഇതു പരിശീലിപ്പിക്കുന്നു എന്നതും വലിയ അപകടമാണ്. ഇപ്പോൾ തന്നെ മലയാളപത്രങ്ങളോടും പുസ്തകങ്ങളോടും ആഭിമുഖ്യം കുറവായ യുവതലമുറയ്ക്ക് മലയാലം ലിപി തന്നെ അന്യമാകാൻ ഇതു കാരണമാകും. ഇന്നുള്ള മറ്റു പല ഭാഷകളേയും പോലെ വാമൊഴി മാത്രമായി മലയാളം കാലക്രമത്തിൽ ചുരുങ്ങാൻ സാധ്യതയുണ്ട്. അനതിവിദൂരഭാവിയിൽ ഉണ്ടായേക്കാവുന്ന ഈ അപകടം ഒഴിവാക്കാൻ മൊബൈൽ ഭരണസംവിധാനത്തിൽ മലയാളത്തിന്റെ തനതുലിപിയിലുള്ള ഉപയോഗം സാധ്യമാക്കാനും

പ്രചരിപ്പിക്കാനും ഉള്ള നടപടികൾ ഉടൻ തുടങ്ങണം. മലയാളത്തേക്കാൾ എത്രയോ അധികം സങ്കീർണ്ണമായ ലിപികളുള്ള ചൈനീസ്, ജാപ്പനീസ് ഭാഷകൾ മൊബൈൽ ഫോണുകളിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ മലയാളം ലിപി ഈ പദ്ധതിയിൽ ഉപയോഗിക്കുന്നത് സാങ്കേതികമായി അസാധ്യമായ ഒരു കാര്യമല്ല. ഇതുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവേഷകർ, മൊബൈൽ ഫോൺ നിർമ്മാതാക്കൾ, സേവനദാതാക്കൾ എന്നിവരുടെ സഹായം തേടാൻ സർക്കാർ മുൻകൈയെടുക്കണം. ഇംഗ്ലീഷിനും ഹിന്ദിക്കും തുല്യമായ സ്ഥാനം മലയാളത്തിനും ഉറപ്പാക്കാൻ കേരള സർക്കാരും സർവ്വകലാശാലകൾ പോലുള്ള കേരളത്തിലെ മറ്റു സ്ഥാപനങ്ങളും സക്രിയമായി ഇടപെടണം. മലയാളത്തിന് പ്രഥമസ്ഥാനം വാഗ്ദാനം ചെയ്യുന്ന നിലവിലുള്ള ഔദ്യോഗിക ഭാഷാനയം ശുഷ്കാന്തിയോടെ നടപ്പാക്കിയാൽ മാത്രം മതി ഇത് സാധ്യമാകാൻ.

ഐ.ടിയുടെയും വിശേഷിച്ച് യൂണികോഡ് സാങ്കേതികവിദ്യയുടേയും വളർച്ച തുറന്ന് തരുന്ന പുതിയ സാധ്യതകൾ ഉപയോഗപ്പെടുത്തി കേരളത്തിലെ ഭരണവകുപ്പുകളിലും കോടതികളിലും, ബാങ്ക്, സഹകരണബാങ്ക് മുതലായ ധനകാര്യസ്ഥാപനങ്ങളിലും മലയാളത്തിന്റെ പ്രയോഗം വ്യാപകമാക്കണം. ഇന്റർനെറ്റും, യൂണികോഡും വ്യാപകമാകുന്നതിന് മുമ്പ് സാങ്കേതിക വൈഷമ്യങ്ങൾ, മലയാളത്തിന്റെ വ്യാപക ഉപയോഗത്തെ തടസ്സപ്പെടുത്തിയിരുന്നു എന്നത് വസ്തുതയാണ്. കമ്പ്യൂട്ടർ യുഗത്തിൽ മലയാളം കഥാവശേഷമാകും എന്ന ധാരണ പലർക്കും ഉണ്ടാകാൻ പോലും അത് കാരണമായി. എന്നാൽ സാങ്കേതികവിദ്യാരംഗത്തെ പുതിയ മുന്നേറ്റങ്ങൾ അത്തരം വൈഷമ്യങ്ങൾ പരിഹരിച്ചുകഴിഞ്ഞിരിക്കുന്നു. ഈ പുതിയ സാഹചര്യത്തിൽ മലയാളത്തിന്റെ ഔദ്യോഗികരംഗത്തെ ഉപയോഗം ശക്തിപ്പെടുത്താൻ താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. ഏറ്റവും താഴ്ന്നതലം മുതൽ ഏറ്റവും ഉയർന്നതലം വരെയുള്ള (ഐ.എ.എസുകാർ ഉൾപ്പെടെ) എല്ലാ സർക്കാർ ഉദ്യോഗസ്ഥർക്കും മലയാളം ഫയലുകൾ കമ്പ്യൂട്ടറിൽ കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യം ഉറപ്പാക്കാനുള്ള പരിശീലനം നൽകണം. കടലാസ് രഹിത ഭരണസംവിധാനത്തിന്റെ ഭാഗമായി




**മലയാളപത്രങ്ങളോടും പുസ്തകങ്ങളോടും ആഭിമുഖ്യം കുറവായ യുവതലമുറയ്ക്ക് ഭാവിയിൽ മലയാളം ലിപി തന്നെ അന്യമാകാതിരിക്കാൻ ഐ.ടി രംഗത്ത് മലയാളത്തിന്റെ തനതുലിപിയിലുള്ള ഉപയോഗം സാധ്യമാക്കാൻ സർക്കാർ നടപടികളെടുക്കണം**

എല്ലാ ഉദ്യോഗസ്ഥരുടെ മുമ്പിലും കമ്പ്യൂട്ടർ ടെർമിനലുകൾ എത്തുമ്പോൾ അവർ ഫയലുകളിൽ ഇംഗ്ലീഷ് ഉപയോഗിക്കില്ല എന്നത് ഉറപ്പുവരുത്തുവാൻ ഇതാവശ്യമാണ്. ഈ പ്രാവീണ്യം പ്രൊമോഷനും ഇൻക്രിമെന്റിനും ഉള്ള അവശ്യമാനദണ്ഡമാക്കണം. ഇതിനാവശ്യമായ പരിശീലനസംവിധാനങ്ങൾ സർക്കാർ ഒരുക്കണം.

2. സർക്കാർ ഉദ്യോഗസ്ഥർക്കു മാത്രമല്ല, സർക്കാർ ശമ്പളം പറ്റുന്ന എയ്ഡഡ് ഉൾപ്പെടെയുള്ള സ്കൂൾ/കോളേജ് അധ്യാപകർക്കും മലയാളം കമ്പ്യൂട്ടറിൽ കൈകാര്യം ചെയ്യാനുള്ള പരിശീലനം നൽകാനുള്ള സംവിധാനം ഒരുക്കണം. ഐ.ടി അറ്റ് സ്കൂൾ മുതലായ നിലവിലുള്ള സംവിധാനങ്ങളുടെ മാനേജ്മെന്റുകളെ അതിന് പ്രേരിപ്പിക്കണം.

3. ബാങ്ക്, സഹകരണബാങ്ക് മുതലായ മേഖലകളിൽ പണിയെടുക്കുന്നവർക്കും ഇത്തരം പരിശീലനം നൽകണം. എല്ലാ രേഖകളും മലയാളത്തിൽ കൂടി ലഭ്യമാക്കാൻ ഈ സ്ഥാപനങ്ങളുടെ മാനേജ്മെന്റുകളെ പ്രേരിപ്പിക്കണം.

4. നിലവിൽ ഇംഗ്ലീഷിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നവർക്ക് പെട്ടെന്ന് മലയാളത്തിലേക്ക് മാറുക എളുപ്പമല്ല എന്ന യാഥാർത്ഥ്യമുണ്ട്. ഈ മാറ്റം എളുപ്പമാക്കാൻ വേണ്ടി കേരള സർക്കാരിന്റെ മുൻകൈയ്യിൽ വെബ് അധിഷ്ഠിത യാന്ത്രിക തർജമ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ അതിവേഗം തുടങ്ങണം. ശക്തിമത്തായ കേന്ദ്ര കമ്പ്യൂട്ടർ സർവറുകളുടെ സഹായത്തോടെ, ഇന്റർനെറ്റുമായി ബന്ധപ്പെടുത്തിയിട്ടുള്ള ഒരു കമ്പ്യൂട്ടറിൽ നാം ഇംഗ്ലീഷിൽ ടൈപ്പ് ചെയ്യുന്ന ഖണ്ഡികകൾക്ക് ഉടൻ തന്നെ മലയാളത്തിൽ യാന്ത്രിക തർജമ എത്തിക്കുന്ന സംവിധാനമാണിത്. ലോകത്തിലെ പ്രധാനപ്പെട്ട പല ഭാഷകളും ഈ സംവിധാനം ഇന്ന് ഉപയോഗപ്പെടുത്തുന്നുണ്ട്. തിരിച്ച് മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കും ഇത്തരം സംവിധാനം ഉപയോഗിക്കാം എന്ന മെച്ചവുമുണ്ട്. യാന്ത്രിക തർജമ മനുഷ്യരെ പൂർണ്ണമായി ഒഴിവാക്കുകയല്ല ചെയ്യുന്നത്. മറിച്ച് 95% എങ്കിലും ശരിയായ തർജമ തരികയും ശേഷമുള്ളത് എഡിറ്റ് ചെയ്ത് 100% ആക്കാൻ ഉപയോഗിക്കുന്ന വരെ സഹായിക്കുകയുമാണ് ചെയ്യുന്നത്.

ഇത്തരം സംവിധാനം നടപ്പിലായാൽ ഇന്ന് ഇംഗ്ലീഷിൽ ഉത്തരവുകളും, വിധികളും തയ്യാറാക്കുന്ന ഉന്നത ഉദ്യോഗസ്ഥർക്കും, ജഡ്ജിമാർക്കും ഇംഗ്ലീഷ് പകർപ്പിനോടൊപ്പം തത്സമയം തന്നെ അതിന്റെ മലയാളം പകർപ്പും (ആവശ്യമെങ്കിൽ ഹിന്ദി പകർപ്പും) തയ്യാറാക്കാനും അതുവഴി ഭരണഭാഷ (കോടതിഭാഷയും) മലയാളമാക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്താനും കഴിയും. കാലക്രമേണ മലയാളത്തിൽ തന്നെ അസ്സൽ തയ്യാറാക്കി യാന്ത്രിക തർജമാ സംവിധാനം ഉപയോഗിച്ച് അതിന്റെ ഇംഗ്ലീഷ്, ഹിന്ദി പകർപ്പുകൾ എടുക്കുന്ന രീതിയിലേക്ക് മാറുകയും ചെയ്യാം.

5. മലയാളം ഇന്ന് നേരിടുന്ന ഒരു പ്രതിസന്ധി ശാസ്ത്രസാങ്കേതിക പ്രസിദ്ധീകരണങ്ങളുടെ കുറവാണ്. മൗലികമായ കൃതികളുടെ രചനവഴിയും, തർജമവഴിയും ഈ പ്രതിസന്ധി മറികടക്കാനുള്ള ഒരു ബൃഹദ് പരിപാടി ആവിഷ്കരിക്കണം. യാന്ത്രിക തർജമ സംവിധാനം നടപ്പിലായാൽ അത് ഈ പ്രക്രിയയെ ത്വരിതപ്പെടുത്തും.